പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 4970

01.07.2013-ൽ മറുപടിക്ക്.

# കെമിക്കൽ എക്സാമിനേഴ്സ് ലാബിലെ പരിശോധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 2013-14 വർഷത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലാബിൽ എത്ര കേസുകളിൽപെട്ട സാംപിളുകൾ പരിശോധനക്കെത്തിയിരുന്നു ; | : | (എ) 2013-14 വർഷത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലാബിൽ, 31.05.2013 വരെ, 10,900 കേസുകളിൽപ്പെട്ട 35,121 സാമ്പിളുകൾ പരിശോധനയ്ക്കായി ലഭിച്ചു. |
| (ബി) അതിൽ എത്ര കേസുകൾ പരിശോധിച്ചു ; എത്ര കേസുകളിൽ റിപ്പോർട്ട് ആയിട്ടുണ്ട്; | : | (ബി) 2013-14 വർഷത്തിലും, അതിനുമുമ്പും ലഭിച്ച കേസുകളിൽ നിന്നും 13,168 കേസുകളിൽപ്പെട്ട 49,523 സാമ്പിളുകൾ, 2013-14 കാലയളവിൽ (31.05.2013 വരെ) പരിശോധിച്ച് റിപ്പോർട്ട് നൽകി. |
| (സി) എത്ര കേസുകൾ പെന്റിംഗ് ഉണ്ട് ; | : | (സി) മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 31.05.2013 വരെ 31,232 കേസുകളിൽപ്പെട്ട 1,02,872 സാമ്പിളുകൾ പരിശോധനയ്ക്കായി അവശേഷിക്കുന്നു. |
| (ഡി) പെന്റിംഗ് തീർക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ? | : | (ഡി) ഓരോ അനലിസ്റ്റിനും നിശ്ചയിച്ചിട്ടുള്ള മാസ നിരക്കിൽ കൂടുതൽ സാമ്പിൾ പരിശോധിക്കുന്നവർക്ക് പ്രോത്സാഹനമെന്ന നിലയിൽ കോമ്പൻസേഷൻ ലീവ് നൽകുന്നതുമൂലം അനലിസ്റ്റുകൾ കൂടുതൽ ജോലി ചെയ്യുന്നു. എറണാകുളം ലബോറട്ടറിയിലെ പെൻഡൻസി കുറയ്ക്കുന്നതിനായി തിരുവനന്തപുരം ലബോറട്ടറിയിൽ നിന്ന് മൂന്ന് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളും, കോഴിക്കോട് ലബോറട്ടറിയിൽ നിന്ന് ഒരു അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ തസ്തികയും എറണാകുളം ലബോറട്ടറിയിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ലാബിൽ നിന്നും ഓരോ ലബോറട്ടറി അസിസ്റ്റന്റിന്റെ തസ്തിക വീതം എറണാകുളം, കോഴിക്കോട് ലാബുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്.. |

(മറുപുറം)

ഡിപ്പാർട്ട്മെന്റിലെ മൂന്നു ലബോറട്ടറികളെയും ശക്തിപ്പെടുത്തി പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിനായി 36 വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ചീഫ് കെമിക്കൽ എക്സാമിനർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു

സെക്ഷൻ ഓഫീസർ